**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1770** **15-03-2022 - ൽ മറുപടിയ്ക്ക്**

**മോട്ടോർ വാഹന വകുപ്പിൽ ഇലക്ട്രിക് കാറുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | **null**<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | മോട്ടോർ വാഹന വകുപ്പിൽ ഇലക്ട്രിക് കാറുകൾ വാങ്ങുന്നതിനോ വാടകയ്ക്ക് എടുക്കുന്നതിനോ തീരുമാനിച്ചിട്ടുണ്ടോ; | (എ) | എല്ലാ സർക്കാർ വകുപ്പുകളും ഇലക്ട്രിക് വാഹനങ്ങൾ മാത്രമേ വാടകയ്ക്കെടുക്കാൻ പാടുള്ളൂ എന്ന് G.O(P)No.24/2020/Fin dated 07/03/2020 പ്രകാരം ധനകാര്യ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് ഗതാഗത വകുപ്പിൽ നിന്നും പുറപ്പെടുവിച്ച G.O.(Rt)No.206/2020/Trans dated 16/06/2020, G.O.(Rt)No.240/2020/Trans dated 15/07/2020, G.O.(Rt)No.13/2021/Trans dated 08/01/2021, G.O.(Rt)No.138/2021/Trans dated 09/04/2021 എന്നീ ഉത്തരവുകളുടേയും അടിസ്ഥാനത്തിലാണ് സേഫ് കേരള പദ്ധതികളുമായി ബന്ധപ്പെട്ട് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഇലക്ട്രിക് വാഹനങ്ങൾ വാടകയ്ക്കെടുത്തിരിക്കുന്നത്. കേന്ദ്ര സർക്കാർ സ്ഥാപനമായ Energy Efficiency Services Ltd (EESL) - ൽ നിന്നും ANERT വഴി ഇലക്ട്രിക് കാറുകൾ വാടകയ്ക്കെടുക്കുന്നതിനാണ് അനുമതി നൽകിയത്. ഇപ്രകാരം 1000 കാറുകൾ വാടകയ്ക്കെടുക്കുമ്പോൾ 7.5 കോടിയോളം രൂപ ലാഭിക്കാമെന്നും 1500 കോടിയോളം രൂപയുടെ അധിക ചെലവ് ഒഴിവാക്കാമെന്നും 2020-21 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിട്ടുള്ളതിന്റെയും പെട്രോൾ, ഡീസൽ കാറുകളിൽ നിന്നും ഉണ്ടാകുന്ന അന്തരീക്ഷ മലിനീകരണം കുറയ്ക്കാമെന്നും പരിസ്ഥിതിക്കനുകൂലമായ ഗുണങ്ങൾ ഉണ്ടാകുമെന്നതിന്റെയും അടിസ്ഥാനത്തിലാണ് എല്ലാ സർക്കാർ വകുപ്പുകളിലും ഇലക്ട്രിക് വാഹനങ്ങൾ മാത്രമേ വാടകയ്ക്കെടുക്കാൻ പാടുള്ളൂ എന്ന് നിർദ്ദേശിച്ച് കൊണ്ട് 07/03/2020 - ലെ G.O.(P)No.24/2020/Fin ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. |
| (ബി) | വാടകയ്ക്ക് എടുക്കുന്നതിനായി ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചിരിക്കുന്നത്; | (ബി) | എല്ലാ സർക്കാർ വകുപ്പുകളും ഇലക്ട്രിക് വാഹനങ്ങൾ മാത്രമേ വാടകയ്ക്കെടുക്കാൻ പാടുള്ളൂ എന്ന് |

| | | | |
|---|---|---|---|
| | ഇപ്രകാരം വാഹനങ്ങൾ വാടകയ്ക്ക് എടുക്കുമ്പോൾ വിപണി വിലയുടെ ഇരട്ടിയോളം വാടക നൽകേണ്ടി വരാവുന്ന സാഹചര്യം ഉളവാകുമെന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | | G.O(P)No.24/2020/Fin dated 07/03/2020 പ്രകാരം ധനകാര്യ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് ഗതാഗത വകുപ്പിൽ നിന്നും പുറപ്പെടുവിച്ച G.O.(Rt)No.206/2020/Trans dated 16/06/2020, G.O.(Rt)No.240/2020/Trans dated 15/07/2020, G.O.(Rt)No.13/2021/Trans dated 08/01/2021, G.O.(Rt)No.138/2021/Trans dated 09/04/2021 എന്നീ ഉത്തരവുകളുടേയും അടിസ്ഥാനത്തിലാണ് സേഫ് കേരള പദ്ധതികളുമായി ബന്ധപ്പെട്ട് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഇലക്ട്രിക് വാഹനങ്ങൾ വാടകയ്ക്കെടുത്തിരിക്കുന്നത്. കേന്ദ്ര സർക്കാർ സ്ഥാപനമായ Energy Efficiency Services Ltd (EESL) - ൽ നിന്നും ANERT വഴി ഇലക്ട്രിക് കാറുകൾ വാടകയ്ക്കെടുക്കുന്നതിനാണ് അനുമതി നൽകിയത്. ഇപ്രകാരം 1000 കാറുകൾ വാടകയ്ക്കെടുക്കുമ്പോൾ 7.5 കോടിയോളം രൂപ ലാഭിക്കാമെന്നും 1500 കോടിയോളം രൂപയുടെ അധിക ചെലവ് ഒഴിവാക്കാമെന്നും 2020-21 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിട്ടുള്ളതിന്റെയും പെട്രോൾ, ഡീസൽ കാറുകളിൽ നിന്നും ഉണ്ടാകുന്ന അന്തരീക്ഷ മലിനീകരണം കുറയ്ക്കാമെന്നും പരിസ്ഥിതിക്കനുകൂലമായ ഗുണങ്ങൾ ഉണ്ടാകുമെന്നതിന്റെയും അടിസ്ഥാനത്തിലാണ് എല്ലാ സർക്കാർ വകുപ്പുകളിലും ഇലക്ട്രിക് വാഹനങ്ങൾ മാത്രമേ വാടകയ്ക്കെടുക്കാൻ പാടുള്ളൂ എന്ന് നിർദ്ദേശിച്ച് കൊണ്ട് 07/03/2020 - ലെ G.O.(P)No.24/2020/Fin ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ